പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6188      10.07.2012- ൽ മറുപടിയ്ക്ക്

ബദിയഡുക്ക കന്നുകാലി ഫാം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |
| (എ) കാസർകോട് ജില്ലയിലെ ബദിയടുക്കയിൽ തനത് കന്നുകാലികളുടെ വംശവർദ്ധന ലക്ഷ്യമിട്ട് തുടങ്ങുന്ന ഫാമിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) വിശദമാക്കാം. കാസർകോട് ജില്ലയിലെ ബദിയടുക്കയിൽ തനത് കന്നുകാലികളുടെ വംശവർദ്ധന ലക്ഷ്യമിട്ട് തുടങ്ങാനുദ്ദേശിക്കുന്ന ഫാമിന്റെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതിക്കായി ലഭിച്ചിട്ടുണ്ട്. 100 ലക്ഷം രൂപ രേഖപ്പെടുത്തിയിരിക്കുന്ന പ്രസ്തുത എസ്റ്റിമേറ്റ് നടപ്പു സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ ശാക്തീകരണം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി അനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു |
| (ബി) ഏതൊക്കെ ഇനത്തിൽപ്പെട്ട ജനുസ്സുകളെയാണ് ഉൾപാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) 'കാസർഗോഡ് ഡ്വാർഫ്' ഇനത്തിൽപ്പെട്ട കന്നുകാലി ജനുസുകളെയാണ് ഇവിടെ സംരക്ഷിച്ച് ഉത്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) തനത് കന്നുകാലികളുടെ ബീജം ഉൾപാദിപ്പിച്ച് കൃത്രിമ ബീജദാനത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) തനത് കന്നുകാലികളുടെ ബീജം ഉൾപാദിപ്പിച്ച് കൃത്രിമ ബീജദാനത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടി കേരള ലൈവ്സ്റ്റോക്ക് ബോർഡ് മുഖേന സ്വീകരിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ